# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3039 — 22.6.2012-ൽ മറുപടിയ്ക്ക്

**പഴം-പച്ചക്കറി കൃഷികളുടെ പ്രോത്സാഹനം**

| *ചോദ്യം* | *മറുപടി* |
|---|---|
| **ശ്രീ. എം. ഉമ്മർ** | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പഴം-പച്ചക്കറി കൃഷികളുടെ പ്രോത്സാഹനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി വനിതാഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി പദ്ധതിയും നടപ്പിലാക്കി. ഇതിനു പുറമേ നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ആകെ 25 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം നടത്തുകയുണ്ടായി. ഇതിനു പുറമേ സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും, ജലസേചന സൗകര്യം ഒരുക്കുന്നതിനും സർക്കാർ സർക്കാരേതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്കും, ഇടവിള പച്ചക്കറി കൃഷിക്കും, കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്കും, വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനും, ഉത്സവകാല വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. പഴവർഗ്ഗങ്ങളുടെ കൃഷി |

പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, എന്നിവയുടെ ആഭിമുഖ്യത്തിലും വിവിധ പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2011-12 സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 18000 രൂപ നിരക്കിൽ 90 ലക്ഷം രൂപയും, 1100 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 288.75 ലക്ഷം രൂപയും, 5158 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 1354 ലക്ഷം രൂപയും, 50 ഹെക്ടറിൽ ടിഷ്യുക്കൾച്ചർ വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 31202 രൂപ നിരക്കിൽ 15.601 ലക്ഷം രൂപയും ചിലവഴിച്ചിട്ടുണ്ട്.

2011–12 സാമ്പത്തിക വർഷത്തിൽ 885 ലക്ഷം രൂപ സർക്കാർ പ്ലാൻ ഫണ്ടിനത്തിൽ പഴം–പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനും വിപണന ത്തിനുമായി വി.എഫ്.പി.സി.കെ.ക്ക് നൽകുകയുണ്ടായി. ഈ തുക പഴം–പച്ചക്കറി മേഖലയിൽ താഴെ പറഞ്ഞിരിക്കുന്ന വികസന പ്രവർത്ത നങ്ങൾക്കായി കൗൺസിൽ വിനിയോഗി ക്കുകയുണ്ടായി.

- കേരളത്തിലെ 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിൽ പഴം പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, 50000 ഹെക്ടറിൽ പഴം പച്ചക്കറികൃഷി നടപ്പാക്കി.
- വാഴകൃഷിയിൽ 526320 മെട്രിക് ടണ്ണും പച്ചക്കറി കൃഷിയിൽ 301200 മെട്രിക് ടണ്ണും ഉല്പാദനം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

- 2011-12 വർഷത്തിൽ 515 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും 9280 കർഷകരെ പുതുതായി രജിസ്റ്റർ ചെയ്യിക്കുകയും ചെയ്തു. ഇപ്പോൾ കൗൺസിലിൽ നിലവിൽ 8048 സ്വാശ്രയ സംഘങ്ങളിലായി 155257 കർഷകർ അംഗങ്ങളാണ്.
- പങ്കാളിത്ത ഗവേഷണ പദ്ധതിയിൽ വിജയകരമായി പരീക്ഷിച്ച ശീതകാല പച്ചക്കറി വിളകളായ കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട്, കാപ്സികം എന്നിവയുടെ കൃഷി സമതലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുകയും 300 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറികൾ വിജയകരമായി കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്.
- നൂതന സാങ്കേതിക വിദ്യയായ പ്രിസിഷൻ ഫാമിങ് 10 ഏക്കറിൽ 7 ജില്ലകളിലായി നടപ്പിലാക്കിയിട്ടുണ്ട്.
- ഹൈടെക് അഗ്രിക്കൾച്ചർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 150 ഏക്കറിൽ ഫെർട്ടിഗേഷൻ രീതിയിലുള്ള കൃഷി പൂർത്തിയായി വരുന്നു.
- ഹരിത നഗരി പദ്ധതി എന്ന പേരിൽ ടെറസ്സിൽ പച്ചക്കറി കൃഷി നടപ്പാക്കുകയും 660 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുകയും ചെയ്തു.
- കഴിഞ്ഞ സാമ്പത്തിക വർഷം ആകെ 17 ഇനം പച്ചക്കറികളുടെ 56 മെട്രിക് ടൺ വിത്തുകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു.
- ഉയർന്ന ഉല്പാദനക്ഷമതയുള്ള 24 ലക്ഷം പച്ചക്കറിത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു.
- ആലത്തൂരുള്ള ടിഷ്യൂക്കൾച്ചർ ലാബ് വഴി ഗുണമേന്മയുള്ള 205000 ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുകയുണ്ടായി.
- 1,05,338 ലക്ഷം ഫലവൃക്ഷത്തൈ

കൾ വിതരണം ചെയ്തിട്ടുണ്ട്.

- സംസ്ഥാനത്താകെ സ്വാശ്രയ കർഷക വിപണികളോടനുബന്ധിച്ച് 23 കളക്ഷൻ സെന്ററുകൾ ആരംഭിച്ചു.
- 2011-12 വർഷം ആകെ 8 ചില്ലറ വില്പന ശാലകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചു.
- വിപണികൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി 34 വിപണികൾക്ക് കമ്പ്യൂട്ടർ നല്കി.
- വിപണികളിൽ ഉല്പന്നങ്ങൾ ക്രമാതീതമായി വരുന്ന അവസരങ്ങളിൽ വിലത്തകർച്ച ഒഴിവാക്കുന്നതിനുവേണ്ടി നടത്തുന്ന വിപണി ഇടപെടലുകൾക്കായി മാർക്കറ്റ് ഇന്റർവെൻഷൻ, ഫെയർ പ്രൈസ് സപ്പോർട്ട് എന്നിവയിൽ ഉൾപ്പെടുത്തി 1,04,18,480/- രൂപയുടെ സഹായം നല്കുകയുണ്ടായി.
- 14 ജില്ലകളിലായി 5500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിയിട്ടുണ്ട്.
- കഴിഞ്ഞ സാമ്പത്തിക വർഷം 38.70 കോടി രൂപ, 8012 കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്.
- വിള ഇൻഷുറൻസ് പദ്ധതിയിലൂടെ 47,26,238/- രൂപ കർഷകർക്ക് ലഭ്യമാക്കി.
- പങ്കാളിത്ത ഗവേഷണ പദ്ധതിയുടെ ഭാഗമായി 120 പങ്കാളിത്ത ഗവേഷണങ്ങൾ, 100 പ്രദർശനത്തോട്ടങ്ങൾ, 67 കാമ്പെയിനുകൾ എന്നിവ കൂടാതെ ഒരു സംസ്ഥാനതല പങ്കാളിത്ത ഗവേഷണ ശില്പശാലയും നടത്തുകയുണ്ടായി.
- കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയ 516 കർഷക പരിശീലനങ്ങളിലൂടെ 10435 കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ, ശാസ്ത്രീയ കൃഷിരീതികൾ, മൂല്യവർദ്ധിത

ഉല്പ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിശീലനം നല്കി.

- ഈ വർഷം രൂപീകരിച്ച 14 വിപണികൾ ഉൾപ്പെടെ ആകെ 274 സ്വാശ്രയ കർഷക വിപണികൾ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വിപണികളിൽക്കൂടി 163.71 കോടി മൂല്യമുള്ള 102893 ടൺ ഉല്പന്നങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം വിപണനം നടത്തി.
- കഴിഞ്ഞ സാമ്പത്തികവർഷം ഒരു സ്വാശ്രയകർഷക വിപണി കെട്ടിടം പണി പൂർത്തീകരിക്കുകയും 12 വിപണി കെട്ടിടങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. ഇതോടുകൂടി സംസ്ഥാനത്താകെ 100 സ്വാശ്രയ കർഷക വിപണികൾ സ്വന്തം കെട്ടിടത്തിലായിരിക്കും പ്രവർത്തിക്കുക.
- ഓണക്കാലത്ത് ഗുണമേന്മയുള്ള പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി 100 ഓണച്ചന്തകൾ സംഘടിപ്പിക്കുകയും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്തു.
- പ്ലാനിങ് ബോർഡിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്രീകൃത ഡാറ്റാ കളക്ഷൻ സംവിധാനത്തോടെയുള്ള 4 ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിക്കുന്ന ജോലിയും GIS(Geographycal Information System) സാങ്കേതിക വിദ്യയുടെ സഹായത്തോടെ 10000 സോയിൽ സാമ്പിൾ പരിശോധിച്ച് GPS ഉപയോഗിച്ച് സോയിൽ മാപ്പിങ് നടത്തി, സോയിൽ ഹെൽത്ത് കാർഡ് നല്കുന്ന ജോലിയും പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | പുതുതായി ഈ വർഷം ഏതെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ 42.5 കോടി രൂപയുടെ ബൃഹത്തായ ഒരു പദ്ധതിക്ക് ഈ വർഷം രൂപം നൽകി വരുന്നു. ഈ പദ്ധതിയിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു. ബ്ലോക്കുകൾ അടിസ്ഥാനമാക്കിയുള്ള ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തും. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി , പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ, പരിശീലനവും പ്രചരണവും, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, പോളിഹൗസും ഓപ്പൺ ഹൈടെക് കൃഷിയും, പച്ചക്കറി കൃഷിക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള സഹായം എന്നിവയാണ്. ഈ പദ്ധതിയുടെ മുഖ്യഘടകങ്ങൾ ടി പദ്ധതി സർക്കാരിന്റെ സജീവപരിഗണനയിലാണ്.<br>നടപ്പുസാമ്പത്തിക വർഷത്തിൽ എസ്.എച്ച്.എം മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 18000 രൂപ നിരക്കിൽ 90 ലക്ഷം രൂപയും,1000 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 262.50 ലക്ഷം രൂപയും, 1000 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 262.50 ലക്ഷം രൂപയും, 2000 ഹെക്ടറിൽ ടിഷ്യുക്കൾച്ചർ വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 31202 രൂപ നിരക്കിൽ 624.03 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 'ശീതമേഖല ഫല വൃക്ഷങ്ങളുടെ വ്യാപനം' എന്ന പദ്ധതി ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മൂന്നാർ, മറയൂർ |

പഞ്ചായത്തുകളിലെ 15000 വീടുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. ശീതമേഖല ഫലങ്ങളായ ഓറഞ്ച്, ആപ്പിൾ, പാഷൻഫ്രൂട്ട്, പ്ലം, പീച്ച്, പിയർ, സ്ട്രോബറി, റംബൂട്ടാൻ, പേര, ലിച്ചി, മാംഗോസ്റ്റീൻ മുതലായവ പ്രചരിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു. പദ്ധതിയിൽ 500 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായി 250 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 250 ഹെക്ടറിൽ സ്ട്രോബറിയും 250 ഹെക്ടറിൽ ശീതകാല വൃക്ഷങ്ങളായ ഓറഞ്ച്, ആപ്പിൾ, പാഷൻഫ്രൂട്ട്, പ്ലം, പീച്ച്, പിയർ, റംബൂട്ടാൻ എന്നിവയും കൃഷി ചെയ്യുന്നതാണ്. ഒരു ഗുണഭോക്താവിന് ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിനായി 50,000 രൂപ ധനസഹായം നൽകുന്നു. തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പഴം - പച്ചക്കറി കൃഷികളുടെ പ്രോത്സാഹ നത്തിനായി നടപ്പിലാക്കിയ 'വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്- കർഷക കൂട്ടായ്മ രൂപീകരണം, ഗുണമേൻമയുള്ള പച്ചക്കറി വിത്തുൽപാദനം, 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉൽപാദനം, 36 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 25 സ്കൂളുകളിൽ ജൈവ പച്ചക്കറി തോട്ടം, 30000 കുടുംബങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി, 630 ഹെക്ടർ സ്ഥലത്ത് സംയോജിത കീടരോഗ നിയന്ത്രണം, കൂൺ കൃഷി, 10 സഞ്ചരിക്കുന്ന വിൽപ്പനശാലകൾ, 3 വിത്തു വിപണന യന്ത്രങ്ങൾ. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ-യുടെ സാമ്പത്തിക സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ വാണിജ്യാടി സ്ഥാനത്തിലുള്ള ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപികരിച്ച് ഈ സാമ്പത്തിക വർഷത്തിൽ

നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി 2012 ജൂൺ 7-ാം തീയതി ഉത്ഘാടനം ചെയ്തു. ഹെക്ടർ ഒന്നിന് 22500 രൂപ നിരക്കിൽ 3000 ഹെക്ടർ സ്ഥലത്ത് കാബേജ്, ബീറ്റ്റൂട്ട്, മുള്ളങ്കി, കാപ്സിക്കം, വെളുത്തുള്ളി തുടങ്ങിയ ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി 1164.05 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. നിലവിലുള്ള വി.എഫ്.പി.സി.കെ.യുടെ വിപണികൾ ശക്തമാക്കുന്നതിനും കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി വിപണനം നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സർക്കാർ ധനസഹായത്തോടെ സംസ്ഥാനത്ത് പച്ചക്കറി വ്യാപകമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ 2012–13 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

- 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതുവഴി 2012–13 കാലയളവിൽ വി.എഫ്.പി.സി.കെ. കർഷകരുടെ പച്ചക്കറി കൃഷി 22000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.
- 650 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും 20000 പുതിയ കർഷകരെ വി.എഫ്.പി.സി.കെ.യിൽ അംഗങ്ങളാക്കുകയും ചെയ്യുക.
- കർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകഗുണമേന്മയുള്ള 65 മെട്രിക് ടൺ പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് വിതരണം നടത്തുക.

- ശീതകാല പച്ചക്കറി കൃഷി 100 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുക.
- ഉയർന്ന • ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി ഇനങ്ങളുടെ 25 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക.
- പച്ചക്കറി കൃഷിയിൽ നൂതന സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്ങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളി ഹൗസ് പദ്ധതി മുതലായവ നടപ്പിലാക്കുക.
- 60 കോടി രൂപ പഴം പച്ചക്കറിമേഖലയിലെ കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കുക.
- പഴം പച്ചക്കറി വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, ലൈഫ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുകയും ചെയ്യുക.
- ഓർഗാനിക് ഫാമിങ് കൃഷിരീതി പ്രോത്സാഹിപ്പിക്കുക .
- മണ്ണ് പരിശോധന നടത്തുകയും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്യുക
- കൗൺസിലിന്റെ വിപണിവഴിയുള്ള വ്യാപാരം 3 ലക്ഷം ടണ്ണായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.
- കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥാ വിവരശേഖരണം നടത്തുക.

- ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്ത് കർഷകരിലെത്തിക്കുക.
- 14 പുതിയ കാർഷിക വിപണികളുടെ രൂപീകരണം, 274 നിലവിലുള്ള വിപണികളുടെ നിലനിൽപ്പ്, സ്വാശ്രയത്വം എന്നിവയ്ക്കുള്ള സഹായം.
- കർഷക വിപണികളുടെ വികസനവും, നെറ്റ് വർക്കിംഗ് സംവിധാനം ഏർപ്പെടുത്തലും നടപ്പിലാക്കുക.
- Fair Price സംവിധാനം നടപ്പിലാക്കുകയും എല്ലാ ഉല്പന്നങ്ങൾക്കും അടിസ്ഥാനവില നിശ്ചയിക്കുകയും ചെയ്യുക.
- പഴം പച്ചക്കറി മേഖലയിലെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

(സി) ഈ ഇനത്തിൽപ്പെട്ട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വായ്പകൾ ലഭ്യമാക്കുന്നുണ്ടോ;

(സി) ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ വായ്പാ ഘടകം ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും താല്പര്യമുള്ള കർഷകർക്ക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി. ബാങ്കുകൾ മുഖേനയോ സഹകരണ വായ്പ സംഘങ്ങൾ വഴിയോ ലഭ്യമാക്കുന്നതിനായിട്ടാവശ്യമായ സാങ്കേതിക സഹായം കൃഷി ഭവനുകൾ മുഖേന നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ഉത്പന്നങ്ങളുടെ വിപണനത്തിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോ? | (ഡി) | കൃഷി വകുപ്പിന്റെ കീഴിലുള്ള ആർമൊത്ത വ്യാപാര വിപണികളിലൂടെ കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള പഴം, പച്ചക്കറികൾ തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ നേരിട്ടു കൊണ്ട് വന്ന് ലേലം ചെയ്ത് വിപണനം നടത്തുന്നു. ഇതിനായി വിപണിയുടെ പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ അവരുടെ ഉൽപന്നങ്ങൾ ലേലം ചെയ്യുന്നു. കർഷകരിൽ നിന്നും സെസ്സ് ഇടാക്കാതെ സൗജന്യമായിട്ടാണ് ലേലത്തിനുള്ള സൗകര്യം ഒരുക്കി കൊടുക്കുന്നത് മാത്രമല്ല, അവർ കൊണ്ടു വരുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ട്രാൻസോപർട്ടിംഗ് സബ്സിഡിയും നൽകുന്നു ഉൽപ്പന്നങ്ങൾ തരംതിരിച്ച് ഗുണനിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്യുന്നു. അങ്ങനെ മൊത്തവ്യാപാര വിപണികളിലൂടെയുള്ള വിപണനം, ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഇപ്പോൾ പച്ചക്കറികൾക്ക് അമിത വിലയുള്ള സാഹചര്യത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, സപ്ലൈകോ എന്നീ ഏജൻസികൾ സംസ്ഥാനത്തുടനീളമുള്ള കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താവിന് വിതരണം ചെയ്യുന്നു. പഴം-പച്ചക്കറി വില ക്രമാതീതമായി ഉയരുമ്പോൾ, കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, എന്നിവർ വിപണിയിൽ ഇടപെട്ട് കുറഞ്ഞ വിലയ്ക്ക് |

ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നു. 22.5.2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം പുതുതായി 192 സെയിൽ ഔട്ട്ലെറ്റുകൾ പച്ചക്കറി വിപണനത്തിനായി ആരംഭിക്കുകയും, കമ്പോള വിലയേക്കാൾ 30 % കുറഞ്ഞവിലക്ക് പച്ചക്കറികൾ വില്പന നടത്തി വരുന്നു. ഇതു പ്രകാരം ഹോർട്ടികോർപ്പ് മുഖേന 98 പച്ചക്കറി സ്റ്റാളുകൾ നേരിട്ടും, സപ്ലൈകോയുമായി സഹകരിച്ച് 41 സ്റ്റാളുകളും, വി.എഫ്.പി.സി.കെ മുഖേന 27 സ്റ്റാളുകളും സപ്ലൈകോ മുഖേന 26 സ്റ്റാളുകളുമാണ് ആരംഭിച്ച് വിപണനം നടത്തി ക്കൊണ്ടിരിക്കുന്നത്.

ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ സ്വാശ്രയ കർഷക സമിതികൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നൊഴിവാക്കി കർഷകർക്ക് ന്യായ വില ഉറപ്പാക്കത്തക്ക രീതിയിൽ കേരളത്തിലുടനീളം 274 സ്വാശ്രയ കർഷക വിപണികൾ നിലവിൽ വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ വില താഴ്ന്ന് പോകുന്ന സാഹചര്യത്തിൽ ഫെയർ പ്രൈസ് സപ്പോർട്ട് (fair price support) ഉം. വിപണിയിൽ ഉൽപന്നം സാധാരണ യിൽ കവിഞ്ഞ് വരുന്ന സാഹചര്യത്തിൽ

വിപണി ഇടപെടൽ (market intervention support) ഉം നടപ്പിലാക്കി വരുന്നു. കർഷകർക്ക് എല്ലാ ദിവസവും തങ്ങളുടെ ഉല്പന്നങ്ങളുടെ വില വിവരം കൃത്യമായി അറിയുന്നതിന് മാർക്കറ്റ് ഇൻഫർമേഷൻ സെന്റർ (market information centre) വി.എഫ്.പി.സി.കെ യുടെ ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കർഷകർക്ക് അവരുടെ പഴം പച്ചക്കറി ഉല്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി യിൽ തോപ്രാം കുടിയിലും പാലക്കാട് എലവഞ്ചേരിയിലും ഓരോ ശീതീകരണ സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. ഇതനുസരിച്ച് ഗ്രാമീണ വിപണികൾ, ചില്ലറ വില്പ്പനശാലകൾ, കാർഷികോത്പന്നങ്ങൾ തരംതിരിക്കുന്നതിനും ഗ്രേഡിംഗിനും വിപണനത്തിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

Snehama

**സെക്ഷൻ ഓഫീസർ**